കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2018 -2019

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ**

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി-പി8-826/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.26.07.2019

ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്- 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി-പി8-826/2019 തീയതി: 26.07.2019

# ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994* ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് *215(4) , 1994* ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് *13, 1996*ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം *18* എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 06.07.2018 മുതൽ 30.06.19 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചു. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ടഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ശ്രീ.നടരാജൻ.പി.ബി.<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 08.07.2019 മുതൽ<br>18.07.2019 വരെ | ശ്രീമതി.എൽസമ്മ. എസ്<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേഡ്) |
| | ശ്രീമതി.രാജി.എസ്,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.ജാക്വിലിൻ.പി.ഡബ്ല്യൂ.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.രാജിമോൾ.പി.സി,<br>ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്.**

| | |
|---|---|
| ശ്രീമതി.എം.എ. അഫ്സത്ത്. | 01.04.2018മുതൽ 31.03.2019വരെ |

**2.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ**

| ക്രമ നം. | സ്റ്റാൻഡിംഗ് കമ്മറ്റി | പേര് | കാലയളവ് |
|---|---|---|---|
| 1 | ധനകാര്യം | ശ്രീ.യു.രാജുമോൻ | 01.04.2018 മുതൽ 31.03.2019വരെ |
| 2 | വികസനകാര്യം | ശ്രീമതി.ജി.രാധ | 01.04.2018 മുതൽ 31.03.2019വരെ |
| 3 | ക്ഷേമകാര്യം | ശ്രീ.സി.പ്രദീപ് | 01.04.2018 മുതൽ 31.03.2019വരെ |
| 4 | ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി.ഷീജ നൗഷാദ് | 01.04.2018മുതൽ 31.03.2019വരെ |

**2) സെക്രട്ടറി**

| | |
|---|---|
| ശ്രീ. പി.എസ്.രാമചന്ദ്രൻ. | 01.04.2018 മുതൽ 05.04.2018വരെ |
| | 11.06.2018 AN മുതൽ 21.06.2018വരെ |
| ശ്രീ.കെ.ബിജു.<br>(ഇൻചാർജ്) | 06.04.2018 മുതൽ 11.06.2018 FNവരെ |
| ശ്രീ.ജി.രാജ്കുമാർ | 21.06.2018 മുതൽ 31.03.2019വരെ |

3) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.അഖില.എം.യു | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.ബിജു.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.തനൂജ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ഷിബു.എസ് | 01.04.2018 മുതൽ 29.03.2019 വരെ |
| | ഡോ.ഗോപകുമാർ.വി.വി | 30.03.2019 FN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ.) | ഡോ.ഉമാദേവി.വി.എൻ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സെൽമാബീവി | 01.04.2018 മുതൽ 31.03.2019 വരെ |
| പ്രധാന അധ്യാപകൻ എസ് .ഡി. വി. ജി യു.പി. എസ്,. | ശ്രീ. ബൈജു.ഇ.വി | 01.04.2018 മുതൽ 20.06.2018 FN വരെ |
| | ശ്രീ.മധുകുമാർ.എസ് | 20.06.18 AN മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.യേശുദാസ് | 01.04.2018 മുതൽ 16.06.2018 വരെ |
| | ശ്രീ.ഷാരോൺ ശശിധരൻ | 17.06.18 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കഞ്ഞിപ്പാടം. | ശ്രീ.അജയ്ഘോഷ്.വി.എ | 01.04.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നീർക്കുന്നം. | ശ്രീ.രാധാകൃഷ്ണൻ.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ബിജു.കെ | 01.04.2018 മുതൽ 07.03.2019 FN വരെ |
| | ശ്രീ.ബൈജു.കെ.കെ | 07.03.2019 AN മുതൽ 31.03.2019 വരെ |

## ഉള്ളടക്കം.

| ക്രമനം. | ഖണ്ഡിക നം. | ഇനം |
|---|---|---|
| | | ഭാഗം – 1 പൊതു അവലോകനം |
| 1 | 1-1 | ബജറ്റ് |
| | | |

| | | |
|---|---|---|
| 2 | 1-2 | വാർഷിക ധനകാര്യപത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം ) |
| 5 | 1-5 | ഫണ്ട് വിനിയോഗം(എസിആർ പ്രകാരം) |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന |
| 10 | 1-10 | ആഭ്യന്തരനിയന്ത്രണം |
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷികകണക്കിലെ അപാകതകൾ |
| ഭാഗം – 2 | | |
| 13 | 2-1 | ടെണ്ടർ ഫീസ് തുക തനതുഫണ്ടിൽ അടവാക്കുന്നത് |
| 14 | 2-2 | വസ്തുനികുതി |
| 15 | 2-3 | തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച് |
| 16 | 2-4 | ഡി & ഒ ലൈസൻസ് അപാകതകൾ |
| ഭാഗം – 3 | | |
| 17 | 3-1 | ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. |
| 18 | 3-2 | തനതുഫണ്ടിൽ നിന്നുംഅധികം തുക പിൻവലിച്ചത് |
| 19 | 3-3 | ബാരലിന്റെ വില |
| 20 | 3-4 | ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ ഐസിഡിഎസ് സൂപ്പർവൈസർക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി |
| 21 | 3-5 | ഭിന്നശേഷിക്കാർക്കും വനിതകൾക്കും പെട്ടിക്കടയ്ക്ക് ആനുകൂല്യം - ബങ്കിന്റെ പ്രവൃത്തനം ആരംഭിച്ചിട്ടില്ല |
| 22 | 3-6 | മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിഭിന്നമായി പദ്ധതി നടപ്പാക്കി |
| 23 | 3-7 | കന്നുകുട്ടി പരിപാലനം പദ്ധതി പൂർണ്ണമായും നടപ്പാക്കിയിട്ടില്ല |
| 24 | 3-8 | ആട് വിതരണം പദ്ധതി (പട്ടികവർഗ്ഗം) - ഇൻഷുറൻസ് രേഖകൾ ലഭ്യമാക്കിയില്ല |
| 25 | 3-9 | അഗതിരഹിത കേരളം പദ്ധതി (ആശ്രയ) – അനുവദിച്ച തുക ചെലവഴിച്ചില്ല. |
| 26 | 3-10 | ഖരമാലിന്യശേഖരണവും സംസ്കരണവും - പദ്ധതി നിർവഹണം ഫലപ്രദമായില്ല. |
| 27 | 3-11 | ലൈഫ് ഭവന പദ്ധതി -അവലോകനം. |
| 28 | 3-12 | കളക്ഷൻ ചാർജ്ജ് ലഭ്യമാക്കുന്നത് |
| 29 | 3-13 | തനത് ഫണ്ട് പരിശോധന – ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങലുകൾ നടത്തി |
| 30 | 3-14 | മരുന്നുകൾ ലഭ്യമായിട്ടില്ല |
| 31 | 3-15 | വെള്ളക്കരം കുടിശ്ശിക - പഞ്ചായത്തിന് സാമ്പത്തിക ബാധ്യത സൃഷ്ടിക്കുന്നു. |
| 32 | 3-16 | തെരുവ് വിളക്കുകളുടെ പരിപാലനം - ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. |
| 33 | 3-17 | എച്ച്.എം. നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ |
| 34 | 3-18 | നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ബില്ലിൽ കുറവ് ചെയ്തില്ല. |
| 35 | 3-19 | തൊഴിലുറപ്പു പദ്ധതി |
| ഭാഗം – 4 | | |
| 36 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| | | |

| | | |
|---|---|---|
| 37 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 38 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 39 | 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 40 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 41 | 4-6 | ഓഡിറ്റ് റിക്കവറി |
| 42 | 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 43 | 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം. |
| 44 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 45 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 46 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 47 | അനുബന്ധം-2 | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.
കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, സെക്ഷൻ 175 പ്രകാരം പഞ്ചായത്ത് സെക്രട്ടറിയും വിവിധ മേഖലകളിലെ ഉദ്യോഗസ്ഥരും നൽകുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ തയ്യാറാക്കുന്ന വികസന രേഖകൾ കണക്കിലെടുത്ത് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ജനവരി പതിനഞ്ചിന് മുൻപ് ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിച്ചതിന്റെ വിശദാംശം മിനട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ച ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്യേണ്ടതാണ്. ആയതിന്റെയും വിവരങ്ങൾ മിനട്സിൽ ഇല്ല.ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 19,11,31,076 | 18,49,09,038 |
| വാർഷിക കണക്ക് പ്രകാരം | 10,70,81,755 | 9,43,77,945 |

ബജറ്റ് തയ്യാറാക്കുന്നതിൽ നടപടിക്രമങ്ങൾ പാലിക്കാത്തതിനാൽ രസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഇ.എഫ്.എം.എസ് വഴിയുള്ള തൊഴിലുറപ്പ് വേതനം, ഡി.ബി.റ്റി മുഖേന നല്കിയ ക്ഷേമ പെൻഷനുകൾ എന്നിവയുടെ വരവ് ചെലവ് തുക കൂടി പരിഗണിച്ചാലും ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, ചെലവും യഥാർത്ഥ വരവു ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഉണ്ട്. ബജറ്റ് തയ്യാറാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 15.05.2019 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ്

# നല്കിയതിന്റെ വിവരം

കെ.എസ്.എ-എ.എൽ.പി-പി8-620/19 തീയതി 01.07.19 പ്രകാരം വാർഷിക ധനകാര്യ പത്രികാ പരിശോധന റിപ്പോർട്ടും സർട്ടിഫിക്കറ്റും പ്രത്യേകമായി പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം (റെസീപ്റ്റ് &പേയ്മെന്റ് പ്രകാരം )

| | |
|---|---|
| മുന്നിരിപ്പ് | 5084392 |
| വരവ് | 101997363 |
| ആകെ | 107081755 |
| ചെലവ് | 94377945 |
| നീക്കിയിരിപ്പ് | 12703810 |

## 1-5 ഫണ്ട് വിനിയോഗം(എസിആർ പ്രകാരം)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | - | 19676605 | 19676605 | 19343903 | 332702 |
| എസ്.സി.പി | - | 3364000 | 3364000 | 2567000 | 797000 |
| ടി.എസ്.പി | - | 167000 | 167000 | 165699 | 1301 |
| സി.എഫ്.സി | - | 9163000 | 9163000 | 8594490 | 568510 |
| കെ.എൽ.ജി. എസ്.ഡി.പി | - | - | - | - | - |
| മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | - | 4291000 | 4291000 | 4154796 | 136204 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | - | 4064000 | 4064000 | 4057850 | 6150 |
| എൻ.ആർ.ഇ.ജി. എസ് | 146 | 76672797 | 76672943 | 76671972 | 971 |
| ബി.ഫണ്ട് | | 634080 | 634080 | 634080 | |
| ദുരിതാശ്വാസഫണ്ട് | 8552 | 342 | 8894 | - | 8894 |
| ട്രഷറി-റ്റിഎസ്ബി ജോയിന്റ് വെന്ച്വർ | (-)24519 | 7596327 | 7571808 | 5961187 | 1610621 |
| ട്രഷറി-റ്റിഎസ്ബി (ജനറൽപർപ്പസ്) | 27057 | 11256641 | 11283698 | 7206422 | 4077276 |
| സാക്ഷരത | 36871 | 1307 | 38178 | - | 38178 |

| | | | | | |
|---|---|---|---|---|---|
| തനത്ഫണ്ട് | 4784696 | 33448634 | 38233330 | 32179114 | 6054216 |
| ക്യാഷ് (തനത്ഫണ്ട്) | 58198 | 154345 | 212543 | 58198 | 154345 |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം | 193391 | 7081 | 200472 | 266 | 200206 |
| സ്വച്ഛ്ഭാരത് മിഷൻ | | 559103 | 559103 | - | 559103 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 126 | 144268152 | 106 | 71212025 | 16 | 4 | 84% |

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 146 | 879622 | 879768 | 878797 | 971 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകുന്നത് | - | 75793175 | 75793175 | 75793175 | - |
| ആകെ | 146 | 76672797 | 76672943 | 76671972 | 971 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമ പഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 634080 | 395 |
| കർഷകതൊഴിലാളി പെൻഷൻ | 9055300 | 789 |
| വിധവാപെൻഷൻ | 10971400 | 979 |
| വാർദ്ധക്യകാലപെൻഷൻ | 15727000 | 1515 |
| വികലാംഗപെൻഷൻ | 4485500 | 367 |
| അവിവാഹിതപെൻഷൻ | 330000 | 25 |
| വിവാഹധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 210000 | 7 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.07.19ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7682/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

1.ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന കത്തുകളും, ഇ മെയിലുകളുമാണ് ഓഫീസ് മേധാവി ഇനിഷ്യൽ ചെയ്ത് സെക്ഷനുകൾക്ക് നൽകുന്നത്. അല്ലാതെയുള്ള അപേക്ഷകളും മറ്റും നേരിട്ട് സെക്ഷനിലേയ്ക്ക് പോകുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല. ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2.ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടയ്ക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.

3.സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഏർപ്പെടുത്തിയിട്ടില്ല.

4.ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.

5.വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

6.സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിൽ സ്റ്റോക്ക് വിവരം രേഖപ്പെടുത്തുന്നതല്ലാതെ ഒരോ ഇനത്തിലുള്ള ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരുപ്പ് വിവരം എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

7.വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

8.ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

9.ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. ആർജ്ജിക്കുന്ന ആസ്തികൾ യഥാസമയം രജിസ്റ്ററിൽ ചേർക്കപ്പെടുന്നില്ല.

10.ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

11.കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.

12.പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന ആയിരത്തിൽപ്പരം ജീവനക്കാരുള്ള വണ്ടാനം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ കൈവശം ഇല്ല. ആയതിനാൽ തന്നെ തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല

13.തീർപ്പാക്കാൻ ശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.06.19 മുതൽ 13.06.19 വരെ | 04/19 & 05/19 | 15.07.19 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.03.17 മുതൽ 28.03.17 വരെ | 2011-12 മുതൽ 2015-16 വരെ | 11.05.2017 |

# 1-12 വാർഷികകണക്കിലെ അപാകതകൾ

കെ.എസ്.എ-എ.എൽ.പി-പി8-620/19തീയതി 01.07.19 പ്രകാരം പുറപ്പെടുവിച്ച വാർഷിക ധനകാര്യ പത്രികാ പരിശോധനാ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല. കൂടാതെ അക്കൗണ്ട്സ് പ്രകാരം ഓഡിറ്റ് റിക്കവറിയിനത്തിലുള്ള തുക അക്കൗണ്ട്സിലുൾപ്പെടുത്തിയിട്ടില്ല.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ടെണ്ടർ ഫീസ് തുക തനതുഫണ്ടിൽ അടവാക്കുന്നത്

28/9/13-ലെ ജി.ഒ(എം.എസ്)318/2013/ ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീ എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. 2018-19 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ്, റീ-ടെണ്ടറിംഗ് എന്നിവ ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് ഗ്രാമ പഞ്ചായത്തിൽ നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 37000/- രൂപ എൽ.എസ്.ജി.ഡി ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. എന്നാൽ ടെണ്ടർ

ഫീസിനത്തിൽ ലഭിച്ച തുക നാളിതുവരെയായിട്ടും പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. തുക തനതുഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-2 വസ്തുനികുതി

പഞ്ചായത്തിലെ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തിന്റെ പരിധിയിൽ സ്ഥിതിചെയ്യുന്ന ഒരേ ഉടമയുടെ പേരിലുള്ള വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള താഴെപ്പറയുന്ന കെട്ടിടങ്ങളിലെ ഓരോ കടമുറികൾക്കും പ്രത്യേകം കെട്ടിട നമ്പർ നല്കിയിട്ടുണ്ട്. എന്നാൽ ഈ കടമുറികളുടെ വസ്തുനികുതി ഒന്നിച്ച് നിർണ്ണയിക്കുന്നതിന് പകരം ഓരോ കടമുറികൾക്കും പ്രത്യേകം നികുതി കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 40/- രൂപ നിരക്കിൽ നിർണ്ണയിക്കുകയാണ് ചെയ്തിരിക്കുന്നത്. പഞ്ചായത്തിലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം, 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തു നികുതി, 1 ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ ഈടാക്കണം എന്നതാണ്. എന്നാൽ ഇവിടെ ഒരു ചതുരശ്ര മീറ്ററിന് 40/- രൂപ മാത്രമാണ് ഈടാക്കുന്നത്. ഇതു മൂലം ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ കുറവ് വരുന്നു . ഏതാനം ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | വാർഡ് നം/കെട്ടിടനം |
|---|---|
| ഷാജി.എ, ഷാജി മൻസിൽ | 10/27M,N,Q,R,S,T,A1,B1,C1 etc(30 ൽപ്പരം മുറികൾ) |
| ഷാഹുൽഹമീദ്, ഷെബിൻഷാ മൻസിൽ | XII/56 A,B,C,D,E,F,G |
| മാഹീൻ അബ്ദൂക്കർ,നെടുംപുറം | XVII/372A,B,C,D,E,F,G,H |
| തുളസീദാസ്,ഉഷാദേവി, ശ്രീദേവി വിലാസം | XVII/465 A,B,C,D,E,F,G,H |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/18.7.19) ലഭ്യമാക്കിയ മറുപടിയിൽ, നിലവിൽ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിലാണ് ഈടാക്കി വരുന്നതെന്നും മേൽ സൂചിപ്പിച്ച കെട്ടിടങ്ങളുടെ സഞ്ചയ സോഫ്റ്റ്വെയറിലെ നികുതി നിർണ്ണയത്തിൽ വന്ന പിഴവ് പരിഹരിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2.മൊബൈൽ ടവറുകളുടെ വസ്തുനികുതി

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഉള്ള താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 2013-14 മുതൽ കുടിശ്ശിക ഉണ്ട്.

| കെട്ടിട നം/വാർഡ് നം | ടവറിന്റെ പേര് |
|---|---|
| VI/11 | Dishnet Wireless Ltd |
| XVI/548 | Wireless TT Info services |

കുടിശ്ശിക ഈടാക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ ടി ടവറുകളുടെ നികുതി

ഈടാക്കുന്നതിനായി അമ്പലപ്പുഴ മജിസ്ട്രേറ്റ് കോടതിയിൽ പ്രോസിക്യൂഷൻ ഫയൽ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചു. ആയതിന്റെ തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച്

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ).തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന ആയിരത്തിൽപ്പരം ജീവനക്കാരുള്ള വണ്ടാനം മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരെയും സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിന്റെ കൈവശം ഇല്ല. ആയതിനാൽ തന്നെ തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം പൂർണ്ണമായി ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല. സ്പാർക്ക് വഴി ശമ്പളം മാറുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയുടെ എല്ലാ ചെക്കുകളും ഡി.ഡി.ഒ തദ്ദേശ സ്ഥാപനത്തിൽ സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ നൂറ് കണക്കിന് താല്ക്കാലിക ജീവനക്കാരും പാർട്ട് ടൈം ജീവനക്കാരുമുള്ള മെഡിക്കൽ കോളേജിൽ നിന്നും സമർപ്പിച്ച റിട്ടേൺ സ്റ്റേറ്റ്മെൻറിൽ പലതിലും 2018-19 ഒന്നാം അർദ്ധ വർഷത്തിൽ ബോണസ്/ഉത്സവബത്തക്ക് അർഹരായിരുന്ന, തുക കൈപ്പറ്റിയിട്ടുള്ള പല ജീവനക്കാരും ആയതിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം ഓരോ വർഷവും സ്ഥാപനം ഒടുക്കി വരുന്ന തൊഴിൽനികുതിയുടെ കൃത്യത പരിശോധിക്കുവാൻ പഞ്ചായത്തിന് സാധിക്കുന്നില്ല. പഞ്ചായത്തിൽ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടെങ്കിലും നാളിതുവരെയായി ടി സ്ഥാപനത്തിലെ ജീവനക്കാരെ സംബന്ധിച്ച വ്യക്തമായ ഒരു രൂപരേഖ പഞ്ചായത്തിന്റെ കൈവശം ഇല്ല.

ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ അടിയന്തിര ഇടപെടൽ ഉണ്ടാവേണ്ടതും 2019-20 സാമ്പത്തിക വർഷം മുതലെങ്കിലും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ആയതിനായി മെഡിക്കൽ കോളേജിലെ ഓരോ ഡിപ്പാർട്ട്മെൻറിലെയും ജീവനക്കാരെ സംബന്ധിച്ച വിവരങ്ങൾ (ആകെ ജീവനക്കാരുടെ എണ്ണം, ഒഴിവുള്ള പോസ്റ്റുകൾ, താല്ക്കാലിക നിയമനം, വിരമിക്കുന്ന/സ്ഥലം മാറിപ്പോകുന്ന ജീവനക്കാരുടെ വിവരം തുടങ്ങിയവ) ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ടി സ്ഥാപനത്തിലെ മുഴുവൻ പാർട്ട് ടൈം ജീവനക്കാരുടെയും വിവരങ്ങൾ ഡിപ്പാർട്ട്മെൻറ് തിരിച്ചുണ്ടെങ്കിൽ അപ്രകാരം തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

ബി) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്/നികുതി ഈടാക്കിയിട്ടില്ല.

വണ്ടാനം ഗവ. ദന്തൽ കോളേജിലെ താഴെപ്പറയുന്ന ജീവനക്കാരുടെ ഒന്നാം അർദ്ധവർഷ തൊഴിൽനികുതി ഒടുക്കിയതിൽ കുറവുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരന്റെ പേര്,ഉദ്യോഗപ്പേര് | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| ധർമ്മജൻ,ഒ.എ | 128800/- | 1250/- | 1000/- | 250 |
| രാജേന്ദ്രൻ കെ, വാച്ച്മാൻ | 128200 | 1250/- | 1000/- | 250 |
| ആകെ | | | | 500/- |

കൂടാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ച് വരുന്ന 13 ജീവനക്കാർ ഉള്ള AL-EJABA സെൻട്രൽ സ്കൂളിലെ ജീവനക്കാരുടെ രണ്ടാം അർദ്ധവർഷ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് കത്ത് നല്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി പരിശോധനയ്ക്ക് രേഖകൾ ഹാജരാക്കേണ്ടതാണ്.

സി).സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | ആലപ്പുഴ ഗവ.സെർവെൻറ്സ് കോ ഓപ്പറേറ്റീവ് ബാങ്ക് ലി.A208 | ഒടുക്കിയിട്ടില്ല |
| 3 | എസ് .ബി.ഐ, വണ്ടാനം | രണ്ടാം അർദ്ധവർഷം ഒടുക്കിയിട്ടില്ല |
| 6 | മാവേലി സ്റ്റോർ ,നീർക്കുന്നം | ഒടുക്കിയിട്ടില്ല |
| 7 | ഇ.വി.എം. ലൈറ്റ് കൊമേഴ്സ്യൽ മോട്ടോർസ് | ഒടുക്കിയിട്ടില്ല |

ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കുന്നതാണെന്നറിയിച്ചു. നികുതി ഈടാക്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്
ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| വാർഡ്/കെട്ടിട നം | സ്ഥാപനം/ ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| XVI/458 | S.B എൻറർപ്രൈസസ്, ഷഫീക്ക് ബഷീർ | 65 HP | 1000/- | 650/- | 350/- |
| XII/173,174,178,179,180,181 | സീ ഫുഡ് പ്രീപ്രോസസ്സിംഗ് സെൻറർ | 113HP | 2000/- | 1630/- | 370/- |
| XII/536 | പ്രീമിയർ മറൈൻ ഫുഡ്സ്, നിസ്സാം എം | 60HP | 1000/- | 600/- | 400/- |
| XII/526 | പ്രീമിയർ ഫ്രെഷ്, നൌഫൽ ഷെറീഫ് | 60HP | 1000/- | 600/- | 400/- |
| XIV/190, 192 | റെലിഷ് ഫുഡ്സ്, മറൈൻ ഫുഡ്സ് എക്സ്പോർട്ടിംഗ്, കെ എസ് ജയരാജൻ | 40HP | 400/- | - | 400/- |
| XIV/183 | അസ്സാ സീഫുഡ്, അബ്ദുള്ള നീർക്കുന്നം | 180 HP | 2000/- | 1800 | 200/- |

| | | | | | |
|---|---|---|---|---|---|
| XVI/354A | ആസിയ എൻറർപ്രൈസസ്, ഷെജിന | 63 HP | 1000/- | 500 | 500/- |
| II/108B | ലോൺട്രി യൂണിറ്റ്, അൻസിൽ | 8HP | 100/- | - | 100/- |
| XII/477C | ലോൺട്രി യൂണിറ്റ്, ഷൗക്കത്ത് | 6HP | 100/- | - | 100/- |
| XIV/187 | ഐസ് പ്ലാൻറ്, എ എം ബഷീർ | 56.5HP | 1000/- | - | 1000/- |
| XIV/193 | റെലിഷ് കസ്റ്റം ഫുഡ്സ്, കെ എസ് ജയകൃഷ്ണൻ | 30HP | 300/- | - | 300/- |
| ആകെ | | | | | 4120/- |

കൂടാതെ പഞ്ചായത്തിലെ ഗ്രേറ്റ് വിൻ എക്സ്പോർട്സ് എന്ന ഫ്രോസൻ മറൈൻ ഫുഡ്സ് എക്സ്പോർട്ടിംഗ് (എം എ ആൻറണി, കെട്ടിട നം.XIV/191) സ്ഥാപനം ഡി & ഓ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഈ സ്ഥാപനത്തിൽ നിന്നും മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ കുറവ് വന്ന തുക ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കുറവുള്ള തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ബി) ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന

1996 ലെ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ, ഫാക്ടറികൾ എന്നിവക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1 പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ള് ഷാപ്പുകൾ എന്നിവയ്ക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/15.7.19) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ മുഴുവൻ റേഷൻ വ്യാപാരികൾക്കും കത്ത് നൽകിയിട്ടുണ്ടെന്നും റേഷൻ കടകൾക്കും കള്ള് ഷാപ്പുകൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 3-1 ഡെപ്പോസിറ്റ് പ്രവർത്തികളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ പ്രവർത്തികൾക്കായി തൻവർഷം ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം., പേര്. | നിർവഹണ ഏജൻസി | ബിൽ നം. | തുക |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 85/19) | കെ.എസ്.ഇ.ബി | 6/18-19 തീയതി 19.06.18 | 719395/- |

| | | | | |
|---|---|---|---|---|
| 2 | കുടിവെള്ള കണക്ഷന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (പ്രോജക്ട് നം. 86/19 ) | കേരള വാട്ടർ അതോറിറ്റി | 24/18-19 തീയതി 29.11.18 | 12,19,000/- |
| 3 | നടപ്പാതകളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് (പ്രോജക്ട് നം. 10/19) | കെ.എസ്.ഇ.ബി അമ്പലപ്പുഴ | ബിൽ നം. 16/12.09.18 | 62536 |
| | | കെ.എസ്.ഇ.ബി, പുന്നപ്ര | ബിൽ നം. 48/27.03.19 | 26482 |

ക്രമ നമ്പർ (3) ലെ പ്രവർത്തി പൂർത്തിയായിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നും വിനിയോഗ വിവരത്തിനായി കെ എസ് ഇ ബി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും മറ്റ് പ്രവർത്തികൾ പൂർത്തിയാകുന്ന മുറക്ക് നിർവ്വഹണ ഏജൻസികളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഹാജരാക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണം നം. 2/ 10.07.2019 ന് മറുപടി നൽകി. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്ത സാഹചര്യത്തിൽ ചെലവഴിച്ച 20,27,413/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-2 തനതുഫണ്ടിൽ നിന്നുംഅധികം തുക പിൻവലിച്ചത്

പ്രോജക്ട് നം. 75/19 ഹോസ്പിറ്റൽ കിയോസ്ക് നവീകരണം

അടങ്കൽ (വികസനഫണ്ട് - 1,00,000/-, സി.എഫ്.സി - 46,000/-, തനത്ഫണ്ട് - 4,000/-)

എം.ബുക്ക് നം. – 12/18-19

ചെലവ് - ടി 1,00,000/- (Bill No.37/18-19) സി.എഫ്.സി - 46,000/- (Bill No.38/18-19) തനത് ഫണ്ട് - 1444/- (cheque no.70885/26.03.2019

അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് 2018-19 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ ടി പ്രോജക്ട് ശ്രീ.മുഹമ്മദ്ഹസൻ എന്ന കരാറുകാരൻ 5/AE/LSGD/ANGP/18-19/10.08.2018 നമ്പർ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി ആരംഭിച്ചിട്ടുള്ളതും 28.01.2019 ൽ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. വർക്ക് ബിൽ, എം.ബുക്ക് എന്നിവ പ്രകാരം ടി പ്രവർത്തിക്കായി ചെലവഴിച്ച തുക 1,47,444/- രൂപയാണ്. എന്നാൽ തനതുഫണ്ടിൽ നിന്നും 4,000/- രൂപയും പിൻവലിച്ചിട്ടുണ്ട്. അധികമായി തനതുഫണ്ടിൽ നിന്നും പിൻവലിച്ച 2556/- രൂപ (4000-1444) തിരികെ ഒടുക്കേണ്ടതാണ്.

# 3-3 ബാരലിന്റെ വില

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന റോഡ് വർക്കുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നതും തുക അനുവദിച്ചിരിക്കുന്നതും VG-30 ബാരൽ ബിറ്റുമിന്റെ വില അടിസ്ഥാനമാക്കിയാണ്. ഇങ്ങനെ വരുമ്പോൾ ടാറിന്റെ വിലയോടൊപ്പം ബാരലിന്റെ വിലയും പഞ്ചായത്ത് കരാറുകാരന് നൽകിയിട്ടുണ്ട്. ആയതിനാൽ പണി പൂർത്തിയാകുമ്പോൾ ഒഴിഞ്ഞ ടാർ വീപ്പ പഞ്ചായത്തിന് മടക്കി നൽകുകയോ അല്ലെങ്കിൽ വീപ്പയുടെ വിലയും നികുതിയും ബില്ലിൽ നിന്നും കുറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്. എന്നാൽ അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിൽ ഒഴിഞ്ഞ ബാരലിന്റെ വില കരാറുകാരനിൽ നിന്നും കുറവ് ചെയ്തിട്ടില്ല. താഴെ പറഞ്ഞിരിക്കുന്ന പ്രോജക്ടുകളിൽപ്പെടുത്തി നടത്തിയ ടാറിംഗ് പ്രവൃത്തികൾക്ക് ഡേറ്റാ നിശ്ചയിച്ച് നൽകിയിരിക്കുന്നത് പായ്ക്ക്ഡ് ബിറ്റുമിന്റെ നിരക്ക് അനുവദിച്ചാണ്. എന്നാൽ പ്രവൃത്തികളുടെ ബിൽ പാസാക്കി തുക നല്കിയപ്പോൾ കാലി ബാരലിന്റെ വില കുറവു ചെയ്യാതെ അധിക തുക നൽകുകയുണ്ടായി. ഇപ്രകാരം കോൺട്രാക്ടർക്ക് അധികം നല്കിയ തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പരും പേരും | കൺവീനറുടെ പേര് | അളവു പുസ്തകത്തിന്റെ നമ്പർ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലുകളുടെ എണ്ണം | ഈടാക്കേണ്ട തുക | ചെലവു തുക, ബിൽ നമ്പരും തിയതിയും |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 53/19<br>പനച്ചിത്തറ-വാഴപ്പറമ്പ് റോഡ് ടാറിംഗ് | ഗ്രിഗറി.സി. | 8/18-19 | 937.26 | 9 | 2250(9x250) | 496044<br>Bill no.34/18-19/29.1.19 |
| 62/19<br>മാവുങ്കൽ റോഡ് ടാറിംഗ് | മുഹമ്മദ് ഹസൻ | 13/18-19 | 937.26 | 9 | 2250(9x250) | 492719<br>Bill no.36/18-19/16.2.19 |
| 58/19<br>തെക്കേപ്പറമ്പ് മുതൽ കിഴക്കോട്ട് റോഡ് ടാറിംഗ് | -ടി- | 14/18-19 | 937.26 | 9 | 2250(9x250) | 494472<br>Billno.35/18-19/16.2.19 |
| | | | ആകെ | | 6750 | |

വിശദവിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കൂടുതൽ നൽകിയ തുക ജി.എസ്.ടി ഉൾപ്പെടെ കോൺട്രാക്ടറിൽ നിന്നീടാക്കി വിവരം അറിയിക്കാമെന്ന മറുപടി ലഭ്യമാക്കി. ഈ സാഹചര്യത്തിൽ 6750/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവു ചേർക്കേണ്ടതാണ്.

## 3-4 ഭൗതിക സാഹചര്യങ്ങൾ ഒരുക്കാതെ ഐസിഡിഎസ് സൂപ്പർവൈസർക്ക് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി

പ്രൊജക്ട് നം - S0043/19

അടങ്കൽ - 45000 /- ( വികസനഫണ്ട് )

- 5000 /- ( തനത് ഫണ്ട് )

ബിൽ നം - 08/18-19 /30.11.18, 20000 /-

- 12/18-19 /13.12.18, 25000 /-

3300 ( തനത് ഫണ്ട് ) ( ചെക്ക് നം 688115 /15.12.18)

നിർവ്വഹണം - ഐസിഡിഎസ് സൂപ്പർവൈസർ

ഐസിഡിഎസ് സൂപ്പർവൈസർക്ക് കംപ്യൂട്ടറും അനുബന്ധ സൌകര്യങ്ങളും പദ്ധതിക്കായി കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ആൽഫാനെറ്റ് സിസ്റ്റംസിൽ നിന്ന് കംപ്യൂട്ടറും അനുബന്ധ ഉപകരണങ്ങളായ മോണിറ്റർ, Ups, പ്രിന്റർ, കൂടാതെ കംപ്യൂട്ടർ ടേബിൾ, റിവോൾവിംഗ് ചെയർ, സ്റ്റീൽ അലമാര എന്നിവ വാങ്ങുന്നതിനായി 48300/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

2.വാങ്ങിയ ഉപകരണങ്ങൾ ഓഡിറ്റ് വേളയിലും പ്രവർത്തിപ്പിക്കാതെ പഞ്ചായത്ത് ഓഫീസ് ഹാളിന്റെ മൂലയിൽ കൂട്ടിയിട്ടിരിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടെത്തി.

3.ഐസിഡിഎസ് സൂപ്പർവൈസർക്ക് ആവശ്യമായ ഓഫീസ് ഒരുക്കാതെയും ആവശ്യമായ മുന്നൊരുക്കങ്ങൾ ഇല്ലാതെയുമാണ് ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങിയത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 7/15.07.2019) ഹാജരാക്കിയ മറുപടിയിൽ സാമഗ്രികൾ സ്റ്റോക്കിലെടുത്ത് അറിയിക്കുന്നതാണെന്നും, ഐസിഡിഎസ് സൂപ്പർവൈസർക്കായി മുറി ഒരുക്കുന്ന വേളയിൽ ഉപകരണങ്ങൾ സ്ഥാപിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വാങ്ങിയ സാധനങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കി ഉപകരണങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്. വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കാത്തതിനാലും, പ്രവർത്തിപ്പിക്കാത്തതിനാലും ഉപകരണങ്ങളും സാമഗ്രികളും വാങ്ങുന്നതിനായി ചെലവഴിച്ച തുക 48300 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-5 ഭിന്നശേഷിക്കാർക്കും വനിതകൾക്കും പെട്ടിക്കടയ്ക്ക് ആനുകൂല്യം - ബങ്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല

1.ഭിന്നശേഷിക്കാർക്ക് പെട്ടിക്കട

പ്രൊജക്ട് നം - S0044/19

അടങ്കൽ - 60,000/- ( വികസനഫണ്ട് )

ബിൽ നം - 17/18-19 /21.03.2019 , 60000 /-

നിർവ്വഹണം- ഐസിഡിഎസ് സൂപ്പർവൈസർ

2.ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട

പ്രൊജക്ട് നം - S0045/19

അടങ്കൽ - 1,00,000/- ( വികസനഫണ്ട് )

ബിൽ നം - 18/18-19 /25.03.2019 , 50000 /-

20/18-19 /25.03.2019 , 50000 /-

നിർവ്വഹണം- ഐസിഡിഎസ് സൂപ്പർവൈസർ

ഭിന്നശേഷിക്കാർക്ക് പെട്ടിക്കട, ഭിന്നശേഷിക്കാരായ വനിതകൾക്ക് പെട്ടിക്കട എന്ന പ്രൊജക്ടിനോടനുബന്ധിച്ച് സലാഹുദ്ദീൻ വൃക്ഷവിലാസം തോപ്പ്, സുനിൽകുമാർ ഈഴയരയിൽ എന്നീ ഗുണഭോക്താക്കൾക്കായി 30,000/- രൂപ വീതം 60000/- രൂപയും മണിയമ്മ പുളിംപറമ്പ്, ജാസ്മിൻ നാരകത്തറ എന്നീ വനിതകൾക്ക് 50,000/- രൂപ വീതം 1,00,000/- രൂപയും പെട്ടിക്കട നിർമ്മിക്കുന്നതിനായി ആനുകൂല്യം നൽകിയിട്ടുണ്ട്. പെട്ടിക്കട നിർമ്മിച്ച് നൽകിയ സ്ഥാപന ഉടമയുടെ അക്കൗണ്ടിലേക്കാണ് തുക കൈമാറിയിട്ടുള്ളത്. ഓവർസിയർ സാക്ഷ്യപ്പെടുത്തിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ബങ്കുകൾ വരുമാനദായകമാണോ എന്ന് അന്വേഷിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.8/15.07.19) സുനിൽകുമാർ, ജാസ്മിൻ എന്നീ ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ബങ്ക് പ്രവർത്തിപ്പിച്ച് തുടങ്ങിയിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾ ബങ്ക് പ്രവർത്തനസജ്ജമാക്കി വരുമാനം ലഭ്യമാകുന്നുണ്ടോയെന്ന് ഉറപ്പാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. വനിതകളുടെയും വികലാംഗരുടെയും ക്ഷേമത്തിനായി അനുവദിക്കുന്ന ആനുകൂല്യങ്ങൾ ഫലവത്തായി ഉപയോഗിക്കപെടുന്നുണ്ടോയെന്ന് നിർവ്വഹണോദ്യോഗസ്ഥ പരിശോധിക്കേണ്ടതാണ്. ആനുകൂല്യം കൈപ്പറ്റി നാളിതുവരെയായിട്ടും ബങ്ക് പ്രവർത്തിപ്പിക്കാത്ത ഗുണഭോക്താക്കൾക്ക് അനുവദിച്ച തുക 80,000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-6 മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾക്ക് വിഭിന്നമായി പദ്ധതി നടപ്പാക്കി

വെറ്റിനറി സർജ്ജൻ നിർവ്വഹണം ചെയ്ത കാലിതൊഴുത്ത് നവീകരണം (വനിത) (പ്രൊജക്ട് നം - 67/19 ) പദ്ധതിക്ക് ആകെ 400000/- രൂപ ചെലവഴിച്ചിട്ടുണ്ട്. തൊഴുത്തിന്റെ തറയും മേൽക്കൂരയും പുൽത്തൊട്ടിയും റിപ്പയർ ചെയ്യുകയായിരുന്നു പദ്ധതി ലക്ഷ്യം വെച്ചത്. സർക്കാർ ഉത്തരവ് നം. 22/18 തിയതി 14.02.2018 പ്രകാരം ചാണകം മുഴുവനായും സൂക്ഷിക്കാൻ കഴിയുന്ന വളക്കുഴിയും, തൊഴുത്തിൽ നിന്ന് വീഴുന്ന ഗോമൂത്രം സൂക്ഷിക്കുന്നതിനുള്ള സിമന്റ് തൊട്ടിയും കാലിതൊഴുത്ത് നവീകരണം എന്ന പദ്ധതി പ്രകാരം നിർമ്മിക്കണം. കൂടാതെ ചാണകവും മൂത്രവും സുരക്ഷിതമായി സംരക്ഷിക്കാൻ നിലവിൽ സംവിധാനമില്ലാത്ത കർഷകർക്ക് മുൻഗണനയും നൽകണം. എന്നാൽ സർക്കാർ നിർദ്ദേശത്തിൽ നിന്നും വിഭിന്നമായി തൊഴുത്ത് നിർമ്മാണവും, പുൽത്തൊട്ടി നിർമ്മാണവുമാണ് പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ളത്. ഓവർസിയർ സാക്ഷ്യപ്പെടുത്തിയ മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരമുള്ള വളക്കുഴിയും സിമന്റ് തൊട്ടിയും നിർമ്മിച്ചതായി മൂല്യനിർണ്ണയ സാക്ഷ്യപത്രത്തിൽ രേഖപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ പദ്ധതി നിർവ്വഹിക്കുമ്പോൾ സർക്കാർ മാർഗ്ഗനിർദ്ദേശത്തിലെ നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിക്കാതെ പദ്ധതി നിർവ്വഹണം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-7 കന്നുകുട്ടി പരിപാലനം പദ്ധതി പൂർണ്ണമായും നടപ്പാക്കിയിട്ടില്ല

പ്രൊജക്ട് നം - S0050 /19

അടങ്കൽ - 312500 /- (വികസനഫണ്ട്)

- 312500 /- (സംസ്ഥാനാവിഷ്കൃത പരിപാടി)

- 625000 /- (ഗുണഭോക്തൃവിഹിതം നേരിട്ട് ചെലവഴിക്കുന്നത്)

ബിൽ നം - 01/18-19 /07.11.18, 312500 /-

നിർവ്വഹണം - വെറ്റിനറി സർജ്ജൻ

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ കന്നുകുട്ടി പരിപാലനം പദ്ധതിക്കായി കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസി. ഡയറക്ടർക്ക് 3,12,500/- രൂപ നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിലവിലെ അവസ്ഥ അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (9/15.07.19) ഹാജരാക്കിയ മറുപടിയിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും തുടന്നു പോവുകയാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാകാത്ത സാഹചര്യത്തിൽ ചെലവ് തുക 3,12,500/- രൂപ തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-8 ആട് വിതരണം പദ്ധതി (പട്ടികവർഗ്ഗം) - ഇൻഷുറൻസ് രേഖകൾ ലഭ്യമാക്കിയില്ല

പ്രൊജക്ട് നം - S0141/19

അടങ്കൽ - 73301 /- (വികസനഫണ്ട് ടി എസ് പി)

- 84000 /- (തനത് ഫണ്ട്)

ബിൽ നം - 13/18-19 /14.03.19 , 48000 /-

- 14/18-19 /14.03.19 , 24000 /-

വെറ്റിനറി സർജ്ജൻ നിർവ്വഹണം ചെയ്ത ആട് വിതരണം പദ്ധതിക്കായി ആറ് ഗുണഭോക്താക്കൾക്കായി 12 ആടുകളെ വാങ്ങി ഒരു ഗുണഭോക്താവിന് 2 ആടുകളെ വീതം വിതരണം ചെയ്തിട്ടുണ്ട്. ലഭ്യമാക്കിയ ഫയലിൽ ആടുകളെ ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (9/15.07.2019) ഹാജരാക്കിയ മറുപടിയിൽ ഇൻഷ്വറൻസ് രേഖകൾ പിന്നീട് ഹാജരാക്കാമെന്നാണ് അറിയിച്ചത്. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച തുക 72000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-9 അഗതിരഹിത കേരളം പദ്ധതി (ആശ്രയ) – അനുവദിച്ച തുക ചെലവഴിച്ചില്ല.

പ്രോജക്റ്റ് നം 78/19

1,00,000/- ബിൽ നം. 8/18-19/ 28.03.2019

നിർവ്വഹണഉദ്യോഗസ്ഥനായ വിഇഒ യും കുടുംബശ്രീ മെമ്പർ സെക്രട്ടറിയും തമ്മിൽ ഏർപ്പെട്ട 08.03.2019 ലെ കരാർ പ്രകാരം 1,00,000/- രൂപ അഗതിരഹിത കേരളം പദ്ധതിക്കായി കുടുംബശ്രീ അക്കൗണ്ടിലേക്ക് (നം. 38252962786) നൽകിയിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധിച്ചതിൽ ഈ തുക ഇതുവരെയും ചെലവഴിച്ചിട്ടില്ല. ഡിപിആർ പ്രകാരം അഗതികളുടെ പരിചരണ സേവന പാക്കേജിനായി ചെലവഴിക്കുന്നതിനാണ് തുക വകയിരുത്തിയതെന്ന് ഓഡിറ്റ് അന്വേഷണത്തിന് (നം. 5/15.07.19) മറുപടി നൽകി. തുക ചെലവഴിച്ച് വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 3-10 ഖരമാലിന്യശേഖരണവും സംസ്കരണവും - പദ്ധതി നിർവ്വഹണം ഫലപ്രദമായില്ല.

പ്രോജക്റ്റ് നം. 27/2019

നിർവ്വഹണ ഉദ്യോഗസ്ഥ - കൃഷിഓഫീസർ

പഞ്ചായത്ത് പ്രദേശത്തെ ഹോട്ടലുകളിൽ നിന്നും മറ്റുമുള്ള ജൈവ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് ജൈവമാലിന്യങ്ങൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകളിൽ നിക്ഷേപിച്ച് ജൈവവളമാക്കി മാറ്റുകയും പരിസരമലിനീകരണം ഒഴിവാക്കുകയും എന്ന ഉദ്ദേശ്യത്തിൽ ആരംഭിച്ച പദ്ധതി 2014-15 മുതൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്നു. നിർവ്വഹണത്തിലെ പാളിച്ച കാരണം പദ്ധതിയുടെ ഗുണഫലം കൂടുതലും സ്വകാര്യവ്യക്തികൾക്കാണ് ലഭിച്ചത്. പദ്ധതിയുടെ സുഗമമായ നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ മുൻ വർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചുവെങ്കിലും ആയത് പ്രായോഗികമാക്കാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല.

മാലിന്യസംസ്കരണത്തിനായി നാല് എയറോബിക് കമ്പോസ്റ്റ് യൂണിറ്റുകൾ പഞ്ചായത്ത് സ്ഥാപിച്ചു നൽകുകയും അവിടെ ഉത്പാദിപ്പിക്കപ്പെടുന്ന വളം സ്വകാര്യ വ്യക്തികൾ സ്വന്തം നിലയിൽ ഉപയോഗിക്കുകയുമാണ് ചെയ്തിരുന്നത്. മാലിന്യശേഖരണത്തിനായുള്ള വാഹനവും വാങ്ങി നൽകിയിരുന്നു. യൂണിറ്റുകളിൽ ഉത്പാദിപ്പിക്കുന്ന വളത്തിന്റെ ശേഖരണത്തിനും വിപണനത്തിനുമായി പഞ്ചായത്ത് തലത്തിൽ സംവിധാനങ്ങളൊന്നും ഏർപ്പെടുത്തിയിരുന്നില്ല. മാലിന്യശേഖരണം നടത്തുന്നത് കൂടുതലും പഞ്ചായത്ത് പ്രദേശത്തുള്ള വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ആണ്. ആകയാൽ തന്നെ പദ്ധതിയുടെ പ്രയോജനം ഏതാണ്ട് പൂർണ്ണമായും ലഭിച്ചത് സ്വകാര്യ വ്യക്തികൾക്കാണ്.

2018-19 മുതൽ മെഡിക്കൽ കോളേജ് പരിസരത്തുള്ള കമ്പോസ്റ്റ് യൂണിറ്റിലാണ് മാലിന്യം നിക്ഷേപിക്കുന്നത് എന്നാണ് കൃഷിഓഫീസർ അറിയിച്ചത്. പദ്ധതിനിർവ്വഹണത്തിന്റെ ആദ്യഘട്ടത്തിൽ സ്വകാര്യവ്യക്തികളുടെ സ്ഥലത്ത് സ്ഥാപിച്ച നാല് കമ്പോസ്റ്റ് യൂണിറ്റുകളുടെ അവസ്ഥ എന്ത് എന്നതിൽ വ്യക്തതയില്ല. യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സ്ഥല ഉടമകളുമായി അഞ്ചു വർഷത്തേക്ക് പഞ്ചായത്ത് കരാറിലേർപ്പിട്ടിരുന്നുവെന്ന് ഫയലിൽ സൂക്ഷിച്ചിട്ടുള്ള, പദ്ധതി നിർവഹണത്തിന്റെ ആദ്യഘട്ടത്തിൽ ചുമതല ഉണ്ടായിരുന്ന കൃഷി ഓഫീസറുടെ മറുപടിയിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ഏർപ്പെട്ട കരാറിന്റെ പകർപ്പ് ഹാജരാക്കിയില്ല. ആയതിനാൽ ടി യൂണിറ്റുകളിൽ നിലവിൽ മാലിന്യ നിക്ഷേപം നടത്താത്തതിന്റെ കാരണവും വ്യക്തമാകുന്നില്ല. കമ്പോസ്റ്റ് യൂണിറ്റുകളുടെ നിർമ്മാണത്തിനായി പഞ്ചായത്ത് ചെലവഴിച്ച തുക ഫലത്തിൽ പാഴായി.

കുടുംബശ്രീ യൂണിറ്റിൽ നിന്നുള്ള പത്ത് വനിതകളെയാണ് മാലിന്യ ശേഖരണത്തിനായി നിയോഗിച്ചിട്ടുള്ളത്. ഇവരുടെ പ്രതിമാസ വേതനം 6500/- രൂപയാണ്. 2018-19 വർഷം ജീവനക്കാരുടെ വേതനം, വാഹന റിപ്പയർ, ഇന്ധന ചാർജ്ജ്, യൂണിഫോം, വേസ്റ്റ് കളക്ഷനുള്ള സാധനങ്ങൾ എന്നിവക്കായി തനത്ഫണ്ടിൽ നിന്നും 8,71,337/- രൂപ ചെലവഴിച്ചിട്ടുണ്ട്. അപാകതകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. മാലിന്യം ശേഖരിക്കുന്ന സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും നിശ്ചിത ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചില്ല.

2.ജീവനക്കാരുടെ മസ്റ്റർറോൾ ഹാജരാക്കിയില്ല. മസ്റ്റർ റോൾ ഹാജരാക്കാതിരുന്നതിനാൽ ഏതെല്ലാം ദിവസങ്ങളിലാണ് ജോലി ചെയ്തത് എന്നതും വാഹന ഉപയോഗം സംബന്ധിച്ച ലോഗ് ബുക്കിലെ രേഖപ്പെടുത്തലിന്റെ കൃത്യതയും പരിശോധിക്കാനായില്ല.

3. ഉത്പാദിപ്പിക്കപ്പെട്ട ജൈവവളത്തിന്റെ അളവ്, വിൽപന എന്നിവയുടെ വിശദാംശം നൽകിയില്ല. ജൈവവളത്തിന്റെ വിൽപന, വിതരണം എന്നിവ പദ്ധതിയുടെ ഭാഗമായി ഉറപ്പാക്കിയിട്ടുണ്ടോ എന്നതിനും മറുപടി നൽകിയില്ല. (ഖരമാലിന്യശേഖരണത്തിനും ജൈവവള ഉത്പാദനത്തിനുമായി ലക്ഷങ്ങൾ ചെലവഴിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ കൃഷി ഓഫീസർ നിർവഹണം നടത്തിയ പുരയിടകൃഷി പദ്ധതിയിലേക്കാവശ്യമായ ജൈവവളം തൻവർഷം കെയ്കോ യിൽ നിന്നുമാണ് വാങ്ങിയത്.)

4. ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണ് മാലിന്യം ശേഖരിച്ചത് (സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെ വിവരം) എന്നതിന്റെ വിശദാംശങ്ങളും നൽകിയില്ല.

മെഡിക്കൽ കോളേജ് ആശുപത്രി ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന പഞ്ചായത്തിൽ വളരെ കാര്യക്ഷമമായി നടപ്പിലാക്കി മറ്റ് തദ്ദേശ സ്ഥാപനങ്ങൾക്ക് കൂടി മാതൃകയാക്കാൻ കഴിയുമായിരുന്ന ഒരു പദ്ധതിയായിരുന്നു ഇത്. എന്നാൽ നിർവ്വഹണത്തിലെ പാളിച്ചകൾ കാരണം ഏറ്റെടുത്ത പദ്ധതി ഫലപ്രദമാക്കാൻ പഞ്ചായത്തിന് സാധിച്ചില്ല. പ്രദേശത്തെ സർക്കാർ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകിയും മുൻ വർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങൾ പരിഗണിച്ചും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. (അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 6/15.07.19) ത്തിന് മറുപടി നൽകിയില്ല.

## 3-11 ലൈഫ് ഭവന പദ്ധതി -അവലോകനം.

സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ ഉൾപ്പെട്ട 254 (ജനറൽ – 247, എസ് സി – 7) പേരിൽ 179 ( ജനറൽ – 177, എസ് സി – 2) ഗുണഭോക്താക്കളെയാണ് അർഹരായി തെരഞ്ഞെടുത്തത്. ഇതിൽ 126 പേർ (125 – ജനറൽ, എസ് സി – 1) കരാർ വെച്ച് നിർമ്മാണം ആരംഭിച്ചു. വിവിധ ഘട്ടങ്ങളിലായി തുക കൈപ്പറ്റിയവരുടെ വിശദാംശം ചുവടെ ചേർക്കുന്നു. (31.03.2019 വരെയുള്ളത്)

| ഘട്ടം | ജനറൽ | എസ് സി |
|---|---|---|
| ഒന്നാം ഘട്ടം | 125 | 1 |
| രണ്ടാം ഘട്ടം | 120 | 1 |
| മൂന്നാം ഘട്ടം | 108 | 1 |
| നാലാം ഘട്ടം | 48 | |

നാൽപത്തിയെട്ട് പേർ നിർമ്മാണം പൂർത്തിയാക്കിയതായും കൈപ്പറ്റിയ ധനസഹായത്തിന് ആനുപാതികമായി എല്ലാവരും നിർമ്മാണം നടത്തിയതായും മറുപടി നൽകി. (ഓഡിറ്റ് അന്വഷണം 5/15.07.19 ) കരാർ വെക്കാൻ സന്നദ്ധതയുള്ള എല്ലാ പേരെയും ഉൾപ്പെടുത്തി പദ്ധതി വിജയകരമായി പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 കളക്ഷൻ ചാർജ്ജ് ലഭ്യമാക്കുന്നത്

1996-ലെ കേരള ബിൽഡിംഗ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ് ആക്ട് പ്രകാരം പ്രവൃത്തികളിൽ കിഴിവ് വരുത്തുന്ന KBOCWF ഇനത്തിലുള്ള തുകയുടെ 1% തുക തദ്ദേശ സ്ഥാപനത്തിന് കളക്ഷൻ ചാർജ്ജായി ലഭിക്കുന്നതാണ്. എന്നാൽ ടി ഇനത്തിലുള്ള കളക്ഷൻ ചാർജ്ജ് നാളിതുവരെ പഞ്ചായത്ത് ഡിമാന്റ് ചെയ്തിട്ടുള്ളതായി കാണുന്നില്ല. വിശദാംശം ആരാഞ്ഞ് നൽകിയ ഓഡിറ്റന്വേഷണത്തിന് തുക ലഭ്യമാക്കാൻ കത്ത്

അയച്ചിട്ടുണ്ടെന്ന മറുപടി ലഭ്യമാക്കി. പ്രവൃത്തികളിൽ നിന്ന് റിക്കവറി ചെയ്തിട്ടുള്ള KBOCWF തുക കണക്കാക്കി നിയമാനുസൃത കളക്ഷൻ ചാർജ്ജ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 തനത് ഫണ്ട് പരിശോധന – ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങലുകൾ നടത്തി

2019-20 വാർഷിക പദ്ധതിയുടെ കരട് പദ്ധതി രേഖ, അന്തിമപദ്ധതി രേഖ എന്നിവ പ്രിന്റ് ചെയ്തതിന് 8750/- രൂപയും 2019-20 വാർഷിക പദ്ധതിയുടെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് അപേക്ഷാഫോറം പ്രിന്റ് ചെയ്ത ഇനത്തിൽ 39300/- രൂപയും ഉൾപ്പെടെ ആകെ 48050/- രൂപ (വൗച്ചർ നം .805 / 8.02.19) തനത് ഫണ്ടിൽ നിന്നും ഡി.കുഞ്ഞമോൻ, അക്ഷര ഓഫ്സെറ്റ് പ്രസ്സ് എന്ന വ്യകതിക്ക് നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഫോട്ടോകോപ്പിയർ റിപ്പയറിംഗിനായി കെ എം ടെക്നോളജീസ് എന്ന സ്ഥാപനത്തിന് 25450/- രൂപ (വൗച്ചർ നം 428/27.09.2018) നൽകിയിട്ടുണ്ട്.

2013 ലെ സ്റ്റോർ പർച്ചേസ് മാനുവൽ ജി.ഒ(പി) നം. 3/2013SPD/ തീയതി:21.06.2013 വ്യവസ്ഥകൾ പ്രകാരം 15000/- രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് ക്വട്ടേഷൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ മേൽ പ്രസ്താവിച്ച പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17/17.07.2019) മറുപടി ഹാജരാക്കിയില്ല. ഭരണതല നടപടികളുടെ ഭാഗമായി നടത്തുന്ന വാങ്ങലുകൾക്ക് വേണ്ടി വരുന്ന ചെലവുകൾ സ്ഥാപനത്തിന്റെ സാമ്പത്തിക ലാഭം മുൻനിർത്തിയും ജി.ഒ(പി) 259/10 തസ്വഭവ 08.11.2010 ലെ പ്രൊക്യൂർമെന്റ് മാന്വലിലെ നിബന്ധനകൾ പാലിച്ചും വേണം നടത്തേണ്ടത്.

# 3- 14 മരുന്നുകൾ ലഭ്യമായിട്ടില്ല

1.മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പാലിയേറ്റീവ് പരിചരണം (പ്രോജക്ട് നം.S0016/19) പദ്ധതിയുമായി ബന്ധപ്പെട്ട് മരുന്ന് വാങ്ങുന്നതിനായി വികസനഫണ്ടിൽ നിന്നും 1,39,000/- രൂപയും (ബിൽ നം.7/18-19, തീയതി.18.03.2019) ബ്ലോക്ക് ഷെയറായി ലഭിച്ച 3,14,266/- രൂപയും ഉൾപ്പെടെ ആകെ 4,53,266/- രൂപ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായും മരുന്നുകൾ ലഭിച്ചിട്ടില്ല. കൂടാതെ 2017-18 സാമ്പത്തിക വർഷം മരുന്നിനായി KMSCL ന് നൽകിയ 325800/- രൂപയിൽ (പ്രൊഫോർമ ഇൻവോയ്സ് നം. PRF 5287/22.03.2018) ഒരു രൂപയുടെ മരുന്ന് പോലും നാളിതുവരെയായി ലഭിച്ചിട്ടില്ല. 2016-17 സാമ്പത്തിക വർഷവും മരുന്നിനായി നൽകിയ തുകയിൽ 42875/- രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനവശേഷിക്കുന്നു.

പാലിയേറ്റീവ് പരിചരണം പദ്ധതിയിലുൾപ്പെട്ട രോഗികൾക്ക് മരുന്ന് വിതരണം നടത്തുന്നതിനായാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. മരുന്നുകൾ ലഭിക്കാൻ ഇത്രയധികം കാലതാമസം നേരിടുന്നതിനാൽ സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി. 16.07.2019) നൽകിയ മറുപടിയിൽ കുറച്ച് മരുന്നുകൾ ഉടൻ ലഭിക്കുമെന്ന് അറിയിച്ചു. മരുന്നുകൾ പൂർണ്ണമായും ലഭിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 2018-19 സാമ്പത്തിക വർഷം മരുന്നിനായി ചെലവഴിച്ച 4,53,266/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2.മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ആശുപത്രിക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (പ്രോജക്ട് നം. S0004/19) പദ്ധതിയുമായി ബന്ധപ്പെട്ട് 3,00,000/-രൂപ ബിൽ നം. 02/18-19, തീയതി 27.9.18 പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം LF-1811, തീയതി. 28.03.2019 പ്രകാരം 116940/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ശേഷിക്കുന്ന 183060/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ഈ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

# 3-15 വെള്ളക്കരം കുടിശ്ശിക - പഞ്ചായത്തിന് സാമ്പത്തിക

# ബാധ്യത സൃഷ്ടിക്കുന്നു.

ഫയൽ പരിശോധിച്ചതിൽ 03/18ലെ ഡിമാന്റ് നോട്ടീസ് പ്രകാരം വെള്ളക്കരം ഇനത്തിലുള്ള കുടിശ്ശിക 43,10,843/-രൂപയാണ്. പ്രതിമാസമുള്ള വെള്ളക്കരം (721 ടാപ്പുകൾക്ക് 3,15,438/-) ഒടുക്കുന്നുണ്ട്. പ്രോജക്ട് (നം. 6/19 & 105/19) തയ്യാറാക്കി തൻവർഷം വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 17,43,865/-രൂപ ഒടുക്കിയിട്ടുണ്ട്. കൂടാതെ 4,18,291/- രൂപ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുമുണ്ട്. സോഴ്സ് ഡിഡക്ഷനൽപ്പെടെ കുടിശ്ശിക ഇനത്തിൽ അടക്കുന്ന തുകകൾ യഥാസമയം ബില്ലുകളിൽ കുറവ് ചെയ്തിട്ടുണ്ട്. കുടിശ്ശിക ഇനത്തിലും പ്രതിമാസ ഡിമാന്റ് ഇനത്തിലും തുകകൾ ഒടുക്കിയ ശേഷം 03/2019 ലെ ഡിമാന്റ് നോട്ടീസ് പ്രകാരം അടക്കാനുള്ള ബാലൻസ് തുക 25,94,135/- രൂപയാണ്.

പ്രതിമാസം വെള്ളക്കരം ഒടുക്കുന്ന സാഹചര്യത്തിൽ കുടിശ്ശിക ഉണ്ടാകാനുള്ള സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 2/ 10.07.19 നുള്ള മറുപടിയിൽ അമ്പലപ്പുഴ വടക്ക്, തെക്ക് പഞ്ചായത്തുകൾ ഒന്നായിരുന്ന കാലം മുതലുള്ള കുടിശ്ശികയാണെന്നും ആയത് പദ്ധതിയിൽ ഉൾപ്പെടുത്തി അടവാക്കുകയാണെന്നുമാണ് മറുപടി നൽകിയത്. പഞ്ചായത്തുകളുടെ വിഭജനം നടന്ന് വർഷങ്ങൾ കഴിയുമ്പോഴും മുൻപ് ഉണ്ടായിരുന്ന കുടിശ്ശിക നാളിതുവരെയും പൂർണ്ണമായും അടയ്ക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു. കുടിശ്ശിക പൂർണ്ണമായും ഒടുക്കാത്തതിനാൽ പലിശ ഇനത്തിലുള്ള തുക കൂടി ഉൾപ്പെട്ട് വെള്ളക്കരം പഞ്ചായത്തിന് അധിക ബാധ്യത ആകുകയാണ്. ആയതിനാൽ പഞ്ചായത്തിന് ഈ ഇനത്തിലുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഒഴിവാക്കാനായി കുടിശ്ശിക പൂർണ്ണമായും അടവാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

# 3-16 തെരുവ് വിളക്കുകളുടെ പരിപാലനം - ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് സമ്പ്രദായം (ജനുവരി, 2018 മുതൽ) ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനനുസരിച്ച് വൈദ്യുതി ചാർജിൽ കുറവും ഉണ്ടായിട്ടുണ്ട്. തൻവർഷം എൽ ഇ ഡി തെരുവ് വിളക്കുകൾ വാങ്ങുന്നതിനായി (പ്രോജക്ട് നം. 33/19) 7,25,760/- (ബിൽ നം.34/18-19 തീയതി 19.03.2019) ചെലവഴിച്ചിട്ടുണ്ട്. 324 എൽ ഇ ഡി വിളക്കുകളാണ് വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. പ്രോജക്ട് നിർവഹണം പരിശോധിച്ചതിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിച്ചിരുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ സൂക്ഷിച്ചിരുന്നില്ല. (ഓഡിറ്റ് അന്വേഷണം (2/10.07.2019) നൽകിയതിനെ തുടർന്ന് തെരുവ് വിളക്കുകളുടെ വാർഡ് തിരിച്ചുള്ള വിവരത്തിനായി പോസ്റ്റ് നമ്പർ അടക്കമുള്ള വിവരങ്ങൾ അടങ്ങിയ ആസ്തി രജിസ്റ്റർ ഹാജരാക്കി.)

2. തെരുവ് വിളക്കുമായി ബന്ധപ്പെട്ട പരാതികൾ, പരിഹരിച്ച പരാതികളുടെ വിവരം എന്നിവ എഴുതുന്ന പെറ്റീഷൻ രജിസ്റ്റർ എഴുതി തയ്യാറാക്കിയിരുന്നില്ല. (ഓഡിറ്റ് അന്വഷണത്തിനുള്ള മറുപടിക്കൊപ്പം നിലവിൽ തയ്യാറാക്കിയ പരാതി രജിസ്റ്റർ ഹാജരാക്കി)

3. കേടായ സാധനങ്ങൾ തിരികെ ഏൽപിച്ചതിന്റെ വിവരം അടങ്ങിയ രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

പുതുതായി തയ്യാറാക്കിയ ആസ്തി രജിസ്റ്ററിൽ നിലവിലുള്ള വിളക്കുകളുടെ വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്നതിനാലും പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാതിരുന്നതിനാലും നടപ്പാക്കിയ പ്രവർത്തിയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞില്ല. രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് തയ്യാറാക്കാത്തതിനാൽ പുതുതായി എൽ ഇ ഡി സ്ഥാപിച്ച സ്ഥാനത്ത് നേരത്തെ ഉണ്ടായിരുന്ന വിളക്കുകളുടെ വിശദാംശങ്ങളും ലഭ്യമാകുന്നില്ല. നടപടിക്രമങ്ങൾക്കൊപ്പം ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും കൃത്യത പാലിച്ച് തെരുവ് വിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്.

# 3-17 എച്ച്.എം. നിർവ്വഹണം നടത്തിയ പദ്ധതികളിലെ

# അപാകതകൾ

നീർക്കുന്നം എസ്.ഡി.വി.ഗവൺമെൻറ് യു.പി.എസ് ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1.പ്രോജക്ടിന്റെ പേര്: പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി**

പ്രോജക്ട് നം. S0021/19

അടങ്കൽ: 14,00,000/-(എസ്.സി.പി)

ചെലവ്: 684100/-

(ബിൽ നം:3/18-19,200000/- 13.12.18

ബിൽ നം:4/18-19,50,000/- 19.12.18

ബിൽ നം:7/18-19,100000/- 15.12.19

ബിൽ നം:11/18-19,92487/- 18.3.19

ബിൽ നം:9/18-19,150000/- 19.3.19

ബിൽ നം:12/18-19,91253/- 25.3.19)

പദ്ധതി മാർഗ്ഗരേഖ പ്രകാരം വിദ്യാർതഥികൾക്ക് പഠന സൗകര്യം ഉറപ്പാക്കാൻ നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികരിക്കാത്ത സ്വന്തം വീടിനോട് ചേർന്ന് പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വരെ നൽകാവുന്നതും അതിൽ 50,000/-രൂപ മുൻകൂറായി നൽകാവുന്നതുമാണ്. പദ്ധതി പ്രകാരം 7 ഗുണഭോക്താക്കൾക്കാണ് മുൻകൂർ തുകയായ 50,000/- രൂപ നൽകിയിരിക്കുന്നത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മുൻകൂർ തുക കൈപ്പറ്റിയവരിൽ 3 ഗുണഭോക്താക്കൾ മാത്രമാണ് തൻ വർഷം പണി പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുള്ളത്. രണ്ടുപേർ 2019-20 ൽ ആണ് പദ്ധതി പൂർത്തീരിച്ചത്. എന്നാൽ മുൻകൂർ തുകയായ 50,000/- രൂപ കൈപ്പറ്റിയ അഞ്ജലി ആർ D/o രജനി തങ്കച്ചൻ, ആദിത്യൻ യു S/o അജിത ഉണ്ണിക്കണ്ണൻ എന്നീ ഗുണഭോക്താക്കൾ നാളിതുവരെയായി എസ്റ്റിമേറ്റ് തയ്യാറാക്കി ഹാജരാക്കുകയോ, പഠനമുറി പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. കരാർ പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി തൻവർഷം പണി പൂർത്തീകരിക്കാത്ത പക്ഷം മുൻകൂർ തുക പലിശ സഹിതം തിരികെ ഒടുക്കുന്നതാണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ടുള്ള ഓഡിറ്റന്വേഷണത്തിന് നൽകിയ മറുപടിയിൽ ടി ഗുണഭോക്താക്കൾക്ക് പണി പൂർത്തീകരിക്കുന്നതായി 3 തവണ കത്ത് നൽകിയിട്ടുള്ളതാണെന്നും വിഷയം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതിനാൽ പണി ഉടൻ പൂർത്തീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക കൈപ്പറ്റി നാളിതുവരെ ആയിട്ടും പദ്ധതി പൂർത്തീകരിക്കാത്ത ടി ഗുണഭോക്താക്കൾക്ക് മുൻകൂറായി നൽകിയ 1 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ നിലവിലെ വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച യാതൊരു രേഖപ്പെടുത്തലുകളും ഫയലിൽ ഇല്ല. സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ആനുകൂല്യം കൈപ്പറ്റിയ ദേവിക പി, D/o അനിൽകുമാർ, കളപ്പുരയ്ക്കൽ എന്ന ഗുണഭോക്താവിന്റെ XVI/114A കെട്ടിട നമ്പരിലുള്ള നിലവിലെ വീടിന്റെ വിസ്തീർണ്ണം 1000 ചതുരശ്ര അടിയിലധികമാണ്. ഓഡിറ്റന്വേഷണത്തിനുള്ള മറുപടിയിൽ ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം 800 ചതുരശ്ര അടിയിൽ താഴെയാണെന്ന് നേരിൽ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും സഞ്ചയ സോഫ്റ്റ്വെയറിൽ തെറ്റായി രേഖപ്പെടുത്തിയിട്ടുള്ളതാണെന്നും അറിയിച്ചു. ആയത് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ മാർഗ്ഗനിർദ്ദേശ പ്രകാരം നടപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതും വീടിന്റെ വിസ്തീർണ്ണം സംബന്ധിച്ച് ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപ്പെടുത്തൽ ഫയലിൽ ഉണ്ടാകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**2. പ്രോജക്ടിന്റെ പേര് :ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ്**

പ്രോജക്ട് നം.S0023/19

അടങ്കൽ തുക:52000/-(വികസനഫണ്ട് 50,000/-,തനത്ഫണ്ട്2000/-)

ചെലവ് :52000/-

ബിൽ നം. 6/18-19 dt. 20.12.18

സ്പോർട്സ് കിറ്റുകൾ അമ്പലപ്പുഴയിലെ ഗ്രീൻസ് സെന്റർ എന്ന സ്ഥാപനത്തിൽ നിന്നുമാണ് പർച്ചേസ് ചെയ്തിരിക്കുന്നത്. കിറ്റൊന്നിന് 4000/-രൂപ നിരക്കിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട 13 ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് വിതരണം നടത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നതെങ്കിലും ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിക്കുകയോ, അർഹതാലിസ്റ്റ് തയ്യാറാക്കി ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണം കണക്കാക്കുകയോ ചെയ്യാതെയാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കി 13 സ്പോർസ് കിറ്റുകൾ വാങ്ങിയിട്ടുള്ളത്. ആയതിനാൽ തന്നെ പദ്ധതി നടപ്പിലാക്കി ആറു മാസങ്ങൾക്ക് ശേഷവും ഗുണഭോക്താക്കളുടെ അഭാവത്തിൽ വാങ്ങിയ സ്പോർട്സ് കിറ്റുകളിൽ 3 എണ്ണം വിതരണം നടത്താതെ അവശേഷിക്കുന്നു.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും കിറ്റുകൾ ഉടൻ വിതരണം ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിതരണം നടത്താതെ അവശേഷിക്കുന്ന സ്പോർസ് കിറ്റുകൾക്കായി ചെലവഴിച്ച 12,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 3-18 നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ബില്ലിൽ കുറവ് ചെയ്തില്ല.

പി.എച്ച്.സി, പി.എച്ച് സബ് സെന്ററുകൾ, ആയുർവേദ ആശുപത്രി എന്നിവയുടെ വയറിംഗിനായുള്ള പദ്ധതി. (പ്രോജക്ട് നം. 129/19).
നിർവ്വഹണ ഉദ്യോഗസ്ഥ : സെക്രട്ടറി

അടങ്കൽ- 259552/-

ചെലവ് - 259552/- (9552/- ബിൽ നം.28/18-19/05.02.19, 2,50,000/-32/18-19/23.03.19

പദ്ധതിയുടെ പ്രവൃത്തി മൂല്യത്തിൽ (2,48,139/-) നിന്നും ആദായനികുതി (1%) മാത്രമാണ് കുറവ് ചെയ്തിട്ടുള്ളത്. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതമിനത്തിലുള്ള തുക (2482/-) ഈടാക്കിയിട്ടില്ല. വയറിംഗിനായുള്ള പദ്ധതി ആയതിനാലാണ് നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കാതിരുന്നതെന്നാണ് ഓഡിറ്റ് അന്വേഷണ (നം. 4/15.07.19) ത്തിന് മറുപടി നൽകിയത്. പ്രസ്തുത പ്രവർത്തികൾക്കും ക്ഷേമനിധി വിഹിതം ബാധകമായതിനാൽ കരാറുകാരിൽ നിന്നും നികുതി അടവാക്കി മറുപടി നൽകേണ്ടതാണ്.

# 3-19 തൊഴിലുറപ്പു പദ്ധതി

ഗ്രാമ പഞ്ചായത്തിൽ 2018-2019 സാമ്പത്തികവർഷം തൊഴിലുറപ്പ പദ്ധതിയുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൊഴിൽ കാർഡുള്ള കുടുംബങ്ങളുടെ എണ്ണം | 3802 |
| രജിസ്റ്റർ ചെയ്ത വ്യക്തികളുടെ എണ്ണം | 3802 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2268 |
| തൊഴിൽ ആവശ്യപ്പെട്ട വ്യക്തികളുടെ എണ്ണം | 2268 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 240360 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 105.97 |

**ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ**

| | |
|---|---|
| ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | 618 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 618 |
| തൻവർഷം പൂർത്തിയാക്കിയത് | 176 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 174 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 268 |

**III) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദവിവരം**

| ക്രമ നം. | ഇന വിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക(ലക്ഷത്തിൽ) |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 37 | 151.83141 |
| 2 | വൃക്ഷതൈ നട്ടു വളർത്തി പരിപാലനം | 37 | 188.113229 |
| 3 | ജലസ്രോതസ്സുകളുടെ പുന:രുദ്ധാരണം | 15 | 86.54869 |
| 4 | ജലസംരക്ഷണം | - | - |
| 5 | ഐ.എച്ച്.എച്ച്.എൽ | 19 | 2.28000 |
| 6 | റോഡ് നിർമ്മാണം (കോൺക്രീറ്റ്) | 28 | 24.05149 |
| 7 | ഭവന നിർമ്മാണം (PMAY, Fisheries, SC, Asraya) | 125 | 20.55000 |
| 8 | നഴ്സറി നിർമ്മാണം | 35 | 163.98518 |
| 9 | വാച്ചാൽ പുന:രുദ്ധാരണം | 24 | 42.01606 |
| 10 | കിണർ നിർമ്മാണം | 1 | 0.05736 |
| 11 | പശുത്തൊഴുത്ത് നിർമ്മാണം | 11 | 12.65530 |
| 12 | ഇഷ്ടിക നിർമ്മാണം | 2 | 1.74519 |
| 13 | കയർഭൂവസ്ത്രം | 16 | 58.10603 |

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 2,45,000 | പ്രോജക്ട് നം 13/19 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 2,45,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 225000 | പ്രോജക്ട് നം.13/19ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 225000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 3,00,000 | പ്രോജക്ട് നം.51/19 പാലിന് സബ്സിഡി. | 3,00,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 3,50,000 | പ്രോജക്ട് നം.12/19 അനുപൂരക പോഷകാഹാരം. | 3,50,000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 314266/- | പ്രോജക്ട് നം./19 . പാലിയേറ്റീവ്കെയർ. | 314266/- | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2448968 | പ്രോജക്ട് നം.40/19 .ലൈഫ്. | 2342487 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1873093 | പ്രോജക്ട് നം.40/19 .ലൈഫ്. | 1873093 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1740000 | പ്രോജക്ട് നം.134/19 | 580000 | 1160000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1,00,000 | പ്രോജക്ട് നം.12/19 അനുപൂരക പോഷകാഹാരം. | 1,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം./ തീയതി | നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | പ്രോജക്ട് | ബിൽ നം. | 62536 | വിനിയോഗസാക്ഷ്യപത്രം | 62536 |

| | | | | | |
|---|---|---|---|---|---|
| | നം.10/19 | 16/12.09.18 | | ലഭിച്ചില്ല | |
| | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ. | ബിൽ നം. 48/27.03.19 | 26482 | | 26482 |
| കെഎസ്ഇബി | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | ബിൽ നം.6/18-19/ 19.06.18 | 719395/- | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല | 719395/- |
| വാട്ടർഅതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ലഭ്യമല്ല | 1219000 | വിനിയോഗസാക്ഷ്യപത്രം ലഭിച്ചില്ല | 1219000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-4 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതിയിൽ കെ.യു.ആർ.ഡി.എഫ്. സി. യിൽ നിന്നും വായ്പ ഇനത്തിൽ 2,16,84,420/- രൂപ വരവുണ്ട്. ഈ തുക പൂർണ്ണമായും തൻവർഷം ചെലവഴിച്ചിട്ടുമുണ്ട്. വായ്പ ഇനത്തിൽ തൻ വർഷം തുക തിരിച്ചടച്ചിട്ടില്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ ഈടാക്കിയ 10030/- രൂപയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം. തീയതി |
|---|---|---|---|---|
| 2017-18 | 3-2(2) | 1350/- | ശ്രീമതി.സി.എ.ജയശ്രീ, സെക്രട്ടറി | 118010109389/ 30.01.19 |
| 2017-18 | 3-2(2) | 840/- | ശ്രീ.വി.എം.സജി, അസി.സെക്രട്ടറി | 118010109390/ 30.01.19 |
| 2017-18 | 3-2(2) | 360/- | ശ്രീ.മുഹമ്മദ് ഇഖ്ബാൽ, ജെ.എസ് | 118010109391/ 30.01.19 |
| 2017-18 | 3-2(1) | 7480 | ഫോർ എവർ ഇൻഡസ്ട്രീസ് ലിമിറ്റഡ് | 118010500014/ 14.08.18 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-23 | 2014-15 | 13 | ആട്ട വിതരണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |
| 2013-14 | 3-3 | 2014-15 | 17 | കാലിത്തൊഴുത്ത് നിർമ്മാണം | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിൽ |

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക | സർട്ടിഫിക്കറ്റിന്റെ വിവരം | | ഉൾപ്പെട്ട തുക | | സ്വയം അടവാക്കിയ തുക (രസീത് നം., തീയതി) | റിക്കവറിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരം | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ചാർജ്ജ് | സർ ച്ചാർജ്ജ് | ചാർജ്ജ് | സർ ച്ചാർജ്ജ് | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | സെബാസ്റ്റ്യൻ.ജെ, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 2008-09 ഖ. 3-12 | | LF.2600/ B3/2013 dtd 9.3.15 | | 165000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 165000 | 27.4.15-ലെ 8(2)-ാം നമ്പർ തീരുമാന പ്രകാരം ആർ.ആർ നടത്തുവാൻ തീരുമാനിച്ചു |
| 2 | അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | ബി.ജോയി, ഫിഷറീസ് സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 2007-08 ഖ.3-12 | | LF.2599/ CSC/B3/ 2013/ 7.4.15 | | 30000 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 30000 | 10.3.2013ൽ രജിസ്റ്റേഡായി നോട്ടീസ് നൽകി |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

## (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,70,81,755 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,43,77,945 |
| വരവിനങ്ങളിലുള്ള നഷ്ടം | 4620 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9306/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3288539/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 500/- | | ശ്രീ.രാജ്കുമാർ.ജി സെക്രട്ടറി |
| 2-4 | 4120/- | | ശ്രീ.പി.എസ്. രാമചന്ദ്രൻ, സെക്രട്ടറി |
| 3-2 | | 2556/- | ഷാരോൺ സുധാകരൻ, അസിസ്റ്റൻറ് എഞ്ചിനീയർ |
| 3-3 | | 6750/- + GST | ഷാരോൺ സുധാകരൻ, അസിസ്റ്റൻറ് എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2027413/- | ശ്രീ.പി. എസ്. രാമചന്ദ്രൻ, സെക്രട്ടറി(719395/-) ശ്രീ.ജി.രാജ്കുമാർ, സെക്രട്ടറി(1308018/-) |
| 3-4 | 48300/- | ശ്രീമതി.തനൂജ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-5 | 80000/- | ശ്രീമതി.തനൂജ, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-7 | 312500/- | ഡോ.ബിജു.എസ്, വെറ്റിനറി സർജൻ |
| 3-8 | 72000/- | ഡോ.ബിജു.എസ്, വെറ്റിനറി സർജൻ |
| 3-14(1) | 4,53,266/- | ഡോ.ഷിബു.എസ്, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) |
| 3-14(2) | 183060/- | ഡോ.ഉമാദേവി, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-17(1) | 1,00,000/- | ശ്രീ.മധുകുമാർ എസ്, ഹെഡ്മാസ്റ്റർ |
| 3-17(2) | 12,000/- | ശ്രീ.മധുകുമാർ, ഹെഡ്മാസ്റ്റർ |
| ആകെ | 3288539/- | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.എസ്.രാമചന്ദ്രൻ,<br>സെക്രട്ടറി | സെക്രട്ടറി,<br>മുഹമ്മ ഗ്രാമ പഞ്ചായത്ത് | പാർവ്വതി നിലയം,<br>നോർത്ത് ആര്യാട്.<br>പി.ഒ,<br>ആലപ്പുഴ |
| ശ്രീ.ജി.രാജ്കുമാർ,<br>സെക്രട്ടറി | സെക്രട്ടറി,<br>അമ്പലപ്പുഴ വടക്ക് ഗ്രാമ പഞ്ചായത്ത് | വലിയപുരയ്ക്കൽ,<br>പഴവീട് പി.ഒ,<br>ആലപ്പുഴ |
| ഡോ. ബിജു എസ്,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ,<br>അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | ചേരാങ്കര,<br>മേത്തല പി.ഒ,<br>എറണാകുളം |
| ശ്രീ.മധുകുമാർ.എസ്,<br>ഹെഡ് മാസ്റ്റർ | ഹെഡ്മാസ്റ്റർ,<br>എസ്.ഡി.വി.ജി.യു.പി.എസ്,<br>നീർക്കുന്നം | വസന്തം,<br>തോട്ടപ്പള്ളി പി.ഒ,<br>ആലപ്പുഴ |
| ശ്രീമതി.തനൂജ,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്.<br>സൂപ്പർവൈസർ,<br>അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | ലക്ഷ്മി ഭവൻ,<br>കോമന,<br>അമ്പലപ്പുഴ |
| ഡോ.ഷിബു.എസ്,<br>മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ<br>(പി.എച്ച്.സി),<br>ചെറിയനാട് | മേലേ കല്ലുവിള,<br>പാറോട്ടുകോണം,<br>നാലാഞ്ചിറ.പി.ഒ,<br>തിരുവനന്തപുരം |
| ശ്രീ.ഷാരോൺ സുധാകരൻ,<br>അസിസ്റ്റൻറ് എഞ്ചിനീയർ | അസിസ്റ്റൻറ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി.,<br>അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത് | പറമ്പിൽ ഹൗസ്,<br>കാളാത്ത് വാർഡ്,<br>അവലൂക്കുന്നു പി.ഒ,<br>ആലപ്പുഴ |
| ഡോ.ഉമാദേവി വി.വി,<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ,<br>ഗവ.ഹോമിയോ ഡിസ്പെൻസറി,<br>വയലാർ | കാട്ടുമ്കൽ,<br>വട്ടയാൽ,<br>തിരുവമ്പാടി.പി.ഒ,<br>ആലപ്പുഴ |
| ബൈജു.ഇ.വി,<br>ഹെഡ് മാസ്റ്റർ | റിട്ടയേർഡ് | ഗ്രീൻ വാലി ഗാർഡൻസ്,<br>വണ്ടാനം പി.ഒ,<br>ആലപ്പുഴ |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 2000-01<br>2001-02<br>2002-03 | എൽ.എഫ്.എ5-1832/2011/20.01.12 |
| 2003-04<br>2004-05<br>2005-06 | എൽ.എഫ്.എ5-1832/2011/19.01.12 |
| 2006-07 | എൽ.എഫ്.എ9-275/2010/31.01.11 |
| 2007-08 | എൽ.എഫ്.എപി4-605/11/28.11.11/03.12.11 |
| 2008-09 | എൽ.എഫ്.എപി4-606/11/30.11.11/03.12.11 |
| 2009-10 | എൽ.എഫ്.എപി8-503/12/17.7.12/10.08.12 |
| 2010-11,<br>2011-12 | എൽ.എഫ്.എപി8-112/13/8.4.13/25.06.13 |
| 2012-13 | എൽ.എഫ്.എപി8-966/14/26.06.14/08.12.14 |
| 2013-14 | എൽ.എഫ്.എപി.ഇസെഡ്.പി8-1071/15/4.09.15/05.10.15 |
| 2014-15 | കെ.എസ്.എ.- എ.എൽ.പി.-പി.8/623/2016തീയതി 13.06.2016 |
| 2015-16 | കെ.എസ്.എ.- എ.എൽ.പി.-പി.8-1334/16 /02.12.16 |
| 2016-17 | കെ.എസ്.എ.- എ.എൽ.പി.-പി.8-857/17/5.7.17 |
| 2017-18 | കെ.എസ്.എ.- എ.എൽ.പി.-പി.8-1207/2018/31.08.2018 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# <u>അനുബന്ധം - 1</u>

കെ.എസ്.എ-എ.എൽ.പി./പി.8-620/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

ആലപ്പുഴ-688011,

ഫോൺ: 0477 2252753

email: ddhglfalpy@gmail.com

**തീയതി: 01.07.2019**

## <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 2

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്